"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ മെക്കാനിക്ക് (സ്പെഷ്യൽ ഗ്രേഡ്) ആയ ശ്രീ. പ്രകാശ് ബി.എസ്.-ന്റെ കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിലെ സ്പെഷ്യൽ ഗ്രേഡ് അസിസ്റ്റന്റ് തസ്തികയിലുള്ള അന്യത്ര സേവന നിയമനം ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗതാഗത (എ) വകുപ്പ്**

സ.ഉ.(സാധാ) നം.202/2026/TRANS തീയതി,തിരുവനന്തപുരം, 12-06-2026

പരാമർശം:-

1. സ.ഉ.(സാധാ) നം. 232/2022/Trans തീയതി 06.06.2022.
2. സ.ഉ.(സാധാ) നം. 257/2023/Trans തീയതി 24.06.2023.
3. സ.ഉ.(സാധാ) നം. 226/2024/Trans തീയതി 13.06.2024.
4. സ.ഉ.(സാധാ) നം. 290/2025/Trans തീയതി 28.06.2025.
5. കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 18.04.2026 തീയതിയിലെ 3177/A1/KTDFC/2017 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ മെക്കാനിക്ക് (സ്പെഷ്യൽ ഗ്രേഡ്) ആയ ശ്രീ. പ്രകാശ് ബി.എസ്.-നെ കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിലെ സ്പെഷ്യൽ ഗ്രേഡ് അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് പരാമർശം (1) പ്രകാരം നിയമിച്ച് ഉത്തരവാകുകയും തുടർന്ന് ടിയാന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുകകയും ചെയ്തിരുന്നു. പരാമർശം (4) പ്രകാരം ശ്രീ പ്രകാശ് ബി.എസ്.-ന്റെ അന്യത്ര സേവന കാലാവധി 8/06/2026-ന് അവസാനിക്കുകയാണെന്നും ആയതിനാൽ 09/06/2026 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്ര സേവന കാലാവധി നീട്ടി നൽകണമെന്നും മാനേജിങ് ഡയറക്ടർ, കെ.ടി.ഡി.എഫ്.സി., പരാമർശം (5) പ്രകാരം, അഭ്യർത്ഥിക്കുകയും കെ.എസ്.ആർ.ടി.സി-യിൽ നിന്നുള്ള നിരാക്ഷേപ പത്രം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ മെക്കാനിക്ക് (സ്പെഷ്യൽ ഗ്രേഡ്) ആയ ശ്രീ. പ്രകാശ് ബി.എസ്.-ന്റെ കേരള ട്രാൻസ്പോർട്ട്

ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിലെ സ്പെഷ്യൽ ഗ്രേഡ് അസിസ്റ്റന്റ് തസ്തികയിലുള്ള അന്യത്ര സേവന അടിസ്ഥാനത്തിലുള്ള നിയമനം, അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായി 09.06.2026 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
ശ്രീ. പ്രകാശ് ബി.എസ്., മെക്കാനിക്ക് (സെലക്ഷൻ ഗ്രേഡ്), കെ.എസ്.ആർ.ടി.സി., തിരുവനന്തപുരം.
(ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി. (E 2737250)

ഉത്തരവിൻ പ്രകാരം,

Signed by
Sudheesh C P
Date: 12-06-2026 12:01:36
സെക്ഷൻ ഓഫീസർ.

പകർപ്പ്:- ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.